**പ്രസിദ്ധീകരണത്തിന്**

ഇടതുപക്ഷസർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾക്ക് സാമുദായിക ചേരുവ നല്കാനാണ് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി സുകുമാരൻനായർ പരസ്യപ്രസ്താവനയുമായി രംഗത്തുവന്നതെന്ന സി.പി.എം. സംസ്ഥാന സെക്രട്ടറി എം. വിജയരാഘവന്റെ ലേഖനത്തിലെ പരാമർശം കൂടുതൽ പ്രകോപനമുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്.

വോട്ടെടുപ്പുദിവസം വോട്ടുചെയ്തുമടങ്ങുമ്പോൾ മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് നല്കിയ മറുപടിയാണല്ലോ ഇത്തരം വ്യാഖ്യാനങ്ങളുടെ ഉറവിടം. സർക്കാരിനെതിരായി ഒരു പരസ്യപ്രസ്താവന നടത്തണമായിരുന്നു എങ്കിൽ അത് നേരത്തെ ചെയ്യാനുള്ള ആർജ്ജവം എൻ.എസ്.എസ്സിനുണ്ട്.

മതേതരത്വം സംരക്ഷിക്കാൻ എന്നും മുൻപന്തിയിൽ നില്ക്കുന്ന എൻ.എസ്.എസ്., അതിന്റെ സന്ദർഭോചിതവും നീതിപൂർവവുമായ നിലപാടുകളിലൂടെ എല്ലാ രാഷ്ട്രീയനേതൃത്വങ്ങളോടും ഗവണ്മെന്റുകളോടും എതിർപ്പ് പ്രകടിപ്പിക്കേണ്ടിവന്നിട്ടുണ്ട്. അതൊക്കെ സാമൂഹ്യനീതിക്കുവേണ്ടിയും ആയിരുന്നു; മറ്റു കാര്യസാദ്ധ്യങ്ങൾക്കുവേണ്ടി ആയിരുന്നില്ല.

വിശ്വാസം സംരക്ഷിക്കുന്ന കാര്യത്തിൽ മാത്രമാണ് ഇടതുസർക്കാരുമായി അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുള്ളത്.

ഇടതുപക്ഷസർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾക്ക് സാമുദായിക ചേരുവ നല്കാനാണ് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി സുകുമാരൻനായർ പരസ്യപ്രസ്താവനയുമായി രംഗത്തുവന്നതെന്ന പാർട്ടിസെക്രട്ടറിയുടെ പ്രകോപനപരമായ വ്യാഖ്യാനം അർത്ഥശൂന്യവും എൻ.എസ്.എസ്സിനെ അപകീർത്തിപ്പെടുത്താനുള്ള ചിലരുടെ ഗൂഢോദ്ദേശ്യത്തിന്റെ ഭാഗവും ആണെന്ന് പറയേണ്ടിയിരിക്കുന്നു.

പെരുന്ന
7.5.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി